# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3702 — 25.06.2013-ൽ മറുപടിക്ക്

## കേരളത്തിലുള്ള പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ആകെ എത്ര പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) 31.03.2013 ലെ കണക്കനുസരിച്ച് കേരളത്തിൽ ആകെ 11506 പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിലുണ്ട്. |
| (ബി) സംസ്ഥാന സഹകരണ ബാങ്കിൽ എത്ര കോടിയുടെ മൂലധനം ഉണ്ട് ; അവയിൽ എന്ത് തുക പ്രാഥമിക സഹകരണ സംഘങ്ങൾ സ്വരൂപിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാന സഹകരണ ബാങ്കിന് 31.03.2013 ലെ കണക്കുപ്രകാരം 391.69 കോടി രൂപയുടെ മൂലധനം ഉണ്ട്. ഇതിൽ 294.20 കോടി രൂപ കേരള സർക്കാർ ഓഹരിയാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്കിൽ നേരിട്ട് അംഗം ആകുവാനോ ഓഹരി എടുക്കുവാനോ കഴിയില്ല. |
| (സി) റിസർവ്വ് ബാങ്ക് സഹകരണ ബാങ്കുകളോട് അനുവർത്തിക്കാൻ ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ അവയെ എങ്ങനെ ബാധിക്കുമെന്നും, നിർദ്ദേശങ്ങൾ ഗുണകരമല്ലെങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ? | (സി) ബാങ്കിംഗ് റഗുലേഷൻസ് ആക്ടിന്റെ നിയന്ത്രണത്തിൽ വരുന്ന സഹകരണ ബാങ്കുകൾ ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ബാങ്കിംഗ് റഗുലേഷൻസ് ആക്ടിന്റെ പരിധിയിൽ വരുന്ന ബാങ്കുകൾ റിസർവ്വ് ബാങ്ക് |

നിഷ്കർഷിക്കുന്ന മൂലധന പര്യാപ്തത കൈവരിക്കേണ്ടതായുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും 31.03.2013 ന് 4%വും 31.03.2014 ന് കുറഞ്ഞത് 7%വും മൂലധന പര്യാപ്തത കൈവരിച്ചിരിക്കണമെന്ന് റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗ സഹകരണ സംഘങ്ങളിൽ നിന്നും കൂടുതൽ ഓഹരിയും അംഗങ്ങൾക്ക് നൽകുന്ന വിവിധയിനം വായ്പകളിൽ നിന്നും കൂടുതൽ ഓഹരിയും ജില്ലാ സഹകരണ ബാങ്കുകളുടെ അനുപാതം വർധിപ്പിച്ചും മൂലധന പര്യാപ്തത കൂട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ റിസർവ്വ് ബാങ്ക് ലൈസൻസ് നൽകിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ട്. ആർ.ബി. ഐ നിർദ്ദേശങ്ങൾ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് പാലിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ഇക്കാര്യത്തിൽ റിസർവ്വ് ബാങ്കുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**